**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1612** **06.03.2020-ൽ മറുപടിയ്ക്ക്**

**ഇന്റർനാഷണൽ ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള<br>,, ടി. വി. ഇബ്രാഹിം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വാഹനങ്ങൾ ഓടിക്കുന്നതിന് ലോകനിലവാരമുള്ള ലൈസൻസ് നൽകാൻ അധികാരമുള്ള ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ മലപ്പുറത്ത് ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഷാർജ ഭരണാധികാരി കേരളം സന്ദർശിച്ചതിന്റെ ഭാഗമായി നടന്ന ചർച്ചയിൽ ഷാർജയിലെ അധികാരികളുമായി യോജിച്ച് അവിടത്തെ നിയമ വ്യവസ്ഥയ്ക്കനുസൃതമായി അന്തർദേശീയ നിലവാരത്തിൽ കേരളത്തിൽ ഒരു ഇന്റർനാഷണൽ ഡ്രൈവർ കോച്ചിംഗ് സെന്റർ ആരംഭിക്കുന്നതിന് ധാരണയായിട്ടുണ്ട്. G.O.(Rt)No.24/2020/Tran dated 21.01.2020 പ്രകാരം ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ് കോച്ചിംഗ് സെന്റർ മലപ്പുറത്ത് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ ഭാഗമായി 19.02.2020 ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതലയോഗം ചേർന്നിരുന്നു. |
| (ബി) | ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഇതിന്റെ നടത്തിപ്പ് ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ; | (ബി) | സ്ഥലം ലഭ്യമായിട്ടില്ല. മലപ്പുറം ജില്ലയിലെ വേങ്ങര എന്ന സ്ഥലത്തെ ഇൻകലിന്റെ ഉടമസ്ഥതയിലുള്ള 30 ഏക്കർ സ്ഥലം 30 വർഷത്തേക്ക് ലീസ് തുക ഇക്വിറ്റി ഷെയർ വ്യവസ്ഥയിൽ ഷാർജ മോഡൽ ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ നിർമ്മിക്കുവാൻ ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. പദ്ധതിയുടെ നടത്തിപ്പ് ചുമതല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ |

| | | | |
|---|---|---|---|
| | | | ട്രെയിനിംഗ് ആന്റ് റിസർച്ച്(ഐ.ഡി.റ്റി.ആർ.) എന്ന സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനത്തിനാണ്. |
| (സ) | പ്രസ്തുത ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതുകൊണ്ട് സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കാമോ? | (സി) | കേരളത്തിൽ നിന്നും ഗൾഫ് രാജ്യങ്ങൾ, അമേരിക്ക, ആസ്ട്രേലിയ തുടങ്ങിയ നിരവധി വിദേശ രാജ്യങ്ങളിൽ പോകുന്ന മലയാളികൾക്ക് അന്തർദേശീയ നിലവാരമുള്ള ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാക്കുക എന്നത് വലിയൊരു കടമ്പയാണ്. പ്രസ്തുത ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ കേരളത്തിൽ ആരംഭിക്കുക വഴി വേഗത്തിൽ ലെഫ്റ്റ് ഹാൻഡ് ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗ് പരിശീലനം എന്നിവ ലഭ്യമാക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ